(ജി) 107 സിആർ. പി. സി. വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(എച്ച്) വേണുവിന്റെ പേരിൽ 107 സിആർ. പി. സി. പ്രകാരം നല്ല നടപ്പ് ജാമ്യം വാങ്ങുന്നതിനായി നടപടി സ്വീകരിക്കുന്നുണ്ട്.

കോടാലി മുക്കിലെ സാമൂഹ്യവിരുദ്ധ ആക്രമണം

23 [5853] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ തൃക്കോവിൽവട്ടം പഞ്ചായത്തിൽ ഡിസന്റ് മുക്ക്, കോടാലിമുക്ക് എന്നിവിടങ്ങളിൽ 6-7-2003-ൽ സാമൂഹ്യവിരുദ്ധന്മാർ നിരവധി കടകൾ തല്ലിത്തകർക്കുകയും നിരപരാധികളെ ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര പേരെ പോലീസ് അറസ്റ്റ് ചെയ്തു;

(സി) ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സാമൂഹ്യവിരുദ്ധന്മാർ ആക്രമണത്തിനെത്തിയ വാഹനം കണ്ടുകെട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വാഹനം എവിടെയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ ആക്രമണത്തിൽ കുറ്റക്കാരായവരുടെ പേരുവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ട് പേരെ അറസ്റ്റ് ചെയ്തു.

(സി) ടി സംഭവത്തിന് കൊട്ടിയം പോലീസ് സ്റ്റേഷനിൽ ക്രൈം 382/03 നമ്പരായി ഐ.പി.സി. സെക്ഷൻ 143, 144, 147, 148, 427, 323, 324, 506 (11) ആന്റ് 149, സെക്ഷൻ 27 ആംസ് ആക്ട് അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികൾ യാത്ര ചെയ്യാൻ ഉപയോഗിച്ച കെ.സി.ക്യു. 6995 നമ്പർ കാറും അറസ്റ്റ് ചെയ്ത പ്രതികളെയും കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്. കോടതിയിൽ ഹാജരാക്കിയ വാഹനം കോടതി നിർദ്ദേശപ്രകാരം കൊട്ടിയം പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കുന്നുണ്ട്.

(ഇ) (1) പ്രദീപ് (2) രഞ്ജിത് കുമാർ (3) രാജേഷ് (4) സുധീർ (5) കുഞ്ഞുമോൻ (6) സുബാഷ് (7) സുജിത്ത് (8) ശ്രീജിത്ത് (9) പ്രവീൺ (10) മനോജ് (11) മനോജ് (12) ബിജു.

LIBRARY ARCHIVES Kerala Legislative Assembly